പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 324 | 23/01/2018 ൽ മറുപടി<br>നല്കേണ്ടത്. |

**കെ.എസ്.ആർ.ടി.സി ക്യാന്റീനുകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെപരിശോധന**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.എം.ഷാജി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കെഎസ്ആർടിസിയുടെ ബസ് സ്റ്റേഷനുകളുടെ / ഡിപ്പോകളുടെ അനുബന്ധമായി പ്രവർത്തിക്കുന്ന ക്യാന്റീനുകളെ സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ അന്വേഷണ വകുപ്പിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; | എ) | ഇല്ല. |
| ബി) | ഇല്ലെങ്കിൽ ഇത്തരം ഇടങ്ങളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ജ്യൂസ് പാർലറുകൾ,ബേക്കറികൾ എന്നിവയിൽ അന്വേഷണ സംഘങ്ങൾ മിന്നൽ പരിശോധന നടത്തുമോ; | ബി) | മിന്നൽ പരിശോധനകൾ നടത്താറുണ്ട്. |
| സി) | തലസ്ഥാനത്തെ സിറ്റിഡിപ്പോകളിൽ പ്രവർത്തിക്കുന്ന ക്യാന്റീനിൽ പ്രസ്തുത സുരക്ഷാ അന്വേഷണവിഭാഗം എത്ര തവണ അന്വേഷണം നടത്തി; എത്ര കുറ്റകൃത്യങ്ങൾ ഇതിനോടകം കണ്ടെത്തി; എത്ര തവണ ഭക്ഷ്യസുരക്ഷാ വകുപ്പ് നോട്ടീസ് നൽകി; എന്തൊക്കെ കുറ്റകൃത്യങ്ങളാണ് ഇവർക്കെതിരെ കണ്ടെത്തിയിട്ടുള്ളത്; പിഴയായി എത്ര തുക വീതം എത്രതവണ ഈടാക്കിയെന്നും വ്യക്തമാക്കാമോ ; | സി) | രണ്ട് പ്രാവശ്യം പരിശോധനയും തുടർ പരിശോധനയും നടത്തിയിട്ടുണ്ട്. സിറ്റി ഡിപ്പോയുടെ പരിസരത്തുള്ള ജ്യൂസ് പാർലറുകൾ, ബേക്കറി, ഹോട്ടൽ എന്നിവ പരിശോധിക്കുകയും പോരായ്മകൾ കണ്ടെത്തിയ 10 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 55,000/ രൂപ പിഴ ഈടാക്കിയിട്ടുമുണ്ട്.<br>പരിശോധനയിൽ കണ്ടെത്തിയ കുറ്റകൃത്യങ്ങൾ<br>1. ആരോഗ്യപരമല്ലാത്തതും ശുചിത്വമല്ലാത്തതുമായ സാഹചര്യത്തിൽ ഭക്ഷ്യോൽപ്പാദനം / വിൽപ്പന നടത്തുന്നു. |

| | | | |
|---|---|---|---|
| | | | 2. ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യവസ്തുക്കൾ / തെറ്റായ ബ്രാൻഡിലിറങ്ങിയ ഭക്ഷ്യ വസ്തുക്കൾ വിൽപ്പനയ്ക്കായി സൂക്ഷി ച്ചിരിക്കുന്നു.<br>3. കൃത്രിമ നിറം ഭക്ഷ്യവസ്തുക്കളിൽ ചേർക്കുന്നതിനായി സൂക്ഷിച്ചിരിക്കുന്നു.<br>4. ജ്യൂസിൽ ചേർക്കുന്നതിനായി ഭക്ഷ്യ യോഗ്യമല്ലാത്ത ഐസ് വൃത്തിഹീനമായ സാഹചര്യത്തിൽ സൂക്ഷിച്ചിരിക്കുന്നു.<br>5. പാചകം ചെയ്യുന്ന പരിസരവും ഉപകരണങ്ങളും വൃത്തിഹീനമായി കാണ പ്പെട്ടു.<br>6. ഫ്രീസർ യഥാസമയം വൃത്തിയാ ക്കാതെയും വെജ്/നോൺവെജ് ഭക്ഷ്യ വസ്തുക്കൾ ഒരേ ഫ്രീസറിൽ സൂക്ഷിച്ചിരി ക്കുന്നതായി കാണപ്പെട്ടു.<br>7. പരിശോധനാ സമയത്ത് ഭക്ഷ്യസുരക്ഷാ ലൈസൻസ് / ജീവനക്കാരുടെ മെഡി ക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| ഡി) | ഇത്തരം കാന്റീനുകൾ ഉൾപ്പെടെയുള്ള വയിൽ പീരിയോഡിക്കൽ ഇൻസ്പെക്ഷനു ള്ള നിർദേശം നൽകുമോ? | ഡി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ കാന്റീനുകളിലും, ഹോസ്റ്റലുകളിലെ മെസ്സുകളിലും ഭക്ഷ്യസുരക്ഷാവകുപ്പ് ഇടവിട്ടുള്ള അവസര ങ്ങളിൽ പരിശോധന നടത്തിവരുന്നു. |

(signature)

സെക്ഷൻ ഓഫീസർ